LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മണ്ഡലത്തിൽ ആദ്യ ഡോസ് മാത്രം എടുത്തവരുടെ എണ്ണം ലഭ്യമാക്കാമോ?

(എ&ബി) അഴീക്കോട് മണ്ഡലത്തിലെ ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ COWIN പോർട്ടൽവഴി വാക്സിൻ എടുത്തവരുടെ എണ്ണം മാത്രമാണ് നിലവിൽ ലഭ്യമായിട്ടുള്ളത്. ഒരു ആരോഗ്യ സ്ഥാപനം (CVC) വഴി പല പഞ്ചായത്തുകളിൽനിന്നും മറ്റ് ജില്ലകളിൽനിന്നുപോലും ഓൺലൈനായി സ്ലോട്ട് ലഭിക്കുന്നതിനാൽ പഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളിൽനിന്നും വാക്സിനേഷൻ ലഭിച്ച പഞ്ചായത്ത്/മുനിസിപ്പാലിറ്റി നിവാസികളുടെ കണക്ക് ലഭ്യമല്ല. അഴീക്കോട് മണ്ഡലത്തിലെ ആരോഗ്യ വകുപ്പിന് കീഴിലെ 8 സ്ഥാപനങ്ങളിലായി നല്കിയ വാക്സിൻ ഡോസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

അഴീക്കോട് സി.എച്ച്.സി - 39875

പാപ്പിനിശ്ശേരി സി.എച്ച്.സി - 34385

ചിറയ്ക്കൽ എഫ്.എച്ച്.സി - 30041

വളപട്ടണം എഫ്.എച്ച്.സി - 11760

നാറാത്ത് എഫ്.എച്ച്.സി - 23316

പള്ളിക്കുന്ന് പി.എച്ച്.സി - 21212

പുഴതി പി.എച്ച്.സി - 25024

(സി) വാക്സിൻ എടുക്കാത്തവരുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പഞ്ചായത്ത് അടിസ്ഥാനത്തിൽ വാക്സിൻ എടുക്കാത്തവരുടെ എണ്ണം ലഭ്യമല്ല.

സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്കുകൾ

224 (224) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്കുകൾ പരസ്യപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

10-5-2021-ലെ സ.ഉ(സാധാ)നം. 1066/2021/ആ.കു.വ. പ്രകാരം ചികിത്സാ നിരക്ക് സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം എല്ലാ ആശുപത്രികൾക്കും നൽകിയിട്ടുണ്ട്.

(ബി) കോവിഡാനന്തര ചികിത്സകൾക്ക് സർക്കാർ ആശുപത്രികളിൽ എ.പി.എൽ. വിഭാഗക്കാരിൽനിന്ന് പണം ഈടാക്കുവാൻ ഉത്തരവായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സാങ്കേതികമായി എ.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുകയും കോവിഡ്കാല വരുമാന നഷ്ടംമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയും ചെയ്യുന്ന ഒരു വലിയ വിഭാഗത്തെ പ്രസ്തുത ഉത്തരവ് കാര്യമായി ബാധിക്കുമെന്നതിനാൽ എല്ലാ വിഭാഗക്കാർക്കും കോവിഡാനന്തര ചികിത്സ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡ് ടെസ്റ്റിംഗ്, ചികിത്സ, വാക്സിനേഷൻ എന്നിവ സൗജന്യമായാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. കൂടാതെ രോഗികളെ ആശുപത്രികളിലെത്തിക്കുന്നതിന് വേണ്ട ആംബുലൻസ് സൗകര്യം സർക്കാർ സൗജന്യമായി ലഭ്യമാക്കിവരുന്നു. അതോടൊപ്പം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കോവിഡ് ചികിത്സയ്ക്ക് 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗം ആരംഭിച്ചത് മുതൽ കോവിഡ് രോഗികളെ പോലെ തന്നെ കോവിഡാനന്തര രോഗികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. ആയത് പരിഗണിച്ച് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് കോവിഡാനന്തര ചികിത്സയും സൗജന്യമായാണ് നൽകിവരുന്നത്. KASP പദ്ധതിയിൽ ഉൾപ്പെടുന്ന 41.70 ലക്ഷം കുടുംബങ്ങൾക്കും കോവിഡാനന്തര ചികിത്സ പൂർണ്ണമായും സൗജന്യമാണ്. ഇത് കൂടാതെ APL വിഭാഗത്തിൽപ്പെട്ടതും 3 ലക്ഷം രൂപയിൽത്താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് KBF പദ്ധതി പ്രകാരവും കോവിഡാനന്തര ചികിത്സ സൗജന്യമാണ്. മേൽപ്പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടാത്ത എ.പി.എൽ. വിഭാഗങ്ങൾക്കുള്ള കോവിഡാനന്തര ചികിത്സയ്ക്ക് അമിത ചാർജ്ജ് ഈടാക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെ പോസ്റ്റ് കോവിഡ് സിൻഡ്രോം, കുട്ടികളിലും മുതിർന്നവരിലുമുള്ള മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം (MIS-C, MIS-A), കോവിഡ് അസോസിയേറ്റഡ് മ്യൂക്കോർമൈക്കോസിസ് (CAM)/ കോവിഡ് അസോസിയേറ്റഡ് പൾമണറി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആസ്പെർഗില്ലോസിസ് (CAPA) എന്നിവയ്ക്കുള്ള ചികിത്സാ നിരക്ക് നിശ്ചയിച്ചുകൊണ്ട് 16-8-2021-ലെ സ.ഉ (സാധാ) നം. 1750/2021/H&FWD ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം കോവിഡാനന്തര രോഗങ്ങൾക്ക് ചികിത്സാ നിരക്ക് നിജപ്പെടുത്തുക മാത്രമാണ് ചെയ്തത്. ഇപ്രകാരം ചികിത്സകളുടെ നിരക്ക് നിശ്ചയിക്കുന്നത് വഴി സ്വകാര്യ ആശുപത്രികൾ രോഗികളിൽനിന്നും അമിത നിരക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ, കോവിഡ് മൂലമുള്ള സങ്കീർണതകൾക്കുള്ള വളരെ ഉയർന്ന ചികിത്സാ ചിലവ് കണക്കിലെടുക്കുമ്പോൾ, ഇത്തരത്തിൽ ചികിത്സാ നിരക്ക് നിശ്ചയിച്ചത് എ.പി.എൽ. വിഭാഗത്തിലെ രോഗികൾക്ക് മിതമായ നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നതിന് സഹായകരമാണ്. അപ്രകാരം സംസ്ഥാനത്തെ പാവപ്പെട്ടവർക്കും സാമ്പത്തികമായി പരിമിതപ്പെട്ടവർക്കും പൊതു ആശുപത്രികളിലെ പോസ്റ്റ് കോവിഡ് സങ്കീർണ്ണതകൾക്കുള്ള ചികിത്സ സൗജന്യമായി നൽകിവരുന്നു.

പീഡിയാട്രിക് വെന്റിലേറ്റർ

225 (225) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂന്നാം തരംഗത്തെ പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ കുട്ടികളുടെ ചികിത്സയ്ക്ക് ആവശ്യമായ പീഡിയാട്രിക് വെന്റിലേറ്ററുകളുടെ വില ഉയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പീഡിയാട്രിക് വെന്റിലേറ്റർ വിതരണം ചെയ്യുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണ കമ്പനിയുമായി രണ്ട് വർഷത്തേയ്ക്ക് കരാർ ഉറപ്പിച്ചിട്ടുണ്ട്. ആയതിനാൽ വിലയിലുണ്ടായ വർദ്ധനവ് സർക്കാർ സ്ഥാപനങ്ങളെ ബാധിക്കില്ല.

(ബി) പീഡിയാട്രിക് വെന്റിലേറ്ററുകളുടെ വില നിയന്ത്രിക്കുന്നതിനും ആവശ്യത്തിന് എണ്ണം സർക്കാർ ആശുപത്രികളിൽ ക്രമീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് റേറ്റ് കോൺട്രാക്ട് വ്യവസ്ഥ പ്രകാരം തെരഞ്ഞെടുത്ത കമ്പനിക്ക് 98 പീഡിയാട്രിക് വെന്റിലേറ്ററുകൾ വിതരണം ചെയ്യുന്നതിന് ഉത്തരവ് നൽകുകയും അവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പീഡിയാട്രിക് വെന്റിലേറ്ററിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ ജെം പോർട്ടൽ മുഖേന ദർഘാസ് നടപടി പൂർത്തിയാക്കി